


നക്ഷത്രങ്ങൾ മിഴിചിമ്മിയ രാത്രി, പ്രഭാതമാകുവാൻ ഇനിയും നാഴികകൾ ബാക്കി നിൽക്കേ  കനത്ത ഇരുൾ പ്പാളികളെ കീറിമുറിച്ചുകൊണ്ട് അയാൾ എങ്ങോട്ടെന്നില്ലാതെ നടന്നുനീങ്ങി...

ലക്ഷ്യമില്ലാത്ത ആ യാത്ര ചെന്നവസാനിച്ചത് ഒരു പൊതു ശ്മശാനത്തിലായിരുന്നു, കനത്ത കൂരിരുട്ടിനോടൊപ്പം കുറുക്കൻറെ ഓലിയിടലും...  ഭയാനകമായ അന്തരീക്ഷം. എന്നിട്ടും അയാൾക്കൊട്ടും  ഭയം തോന്നിയില്ല,  ഇരുട്ടിൻറെ നിശബ്ദതയിൽ ആരുടെയോ  അടക്കിപ്പിടിച്ചുള്ള  തേങ്ങലിനോടൊപ്പം മൂക്കിലേക്ക് തുളച്ചുകയറുന്ന പാലപ്പൂവിൻറെ ഗന്ധവും...... അയാൾ ചുറ്റിലും കണ്ണോടിച്ചു. ആരെയും കാണ്മാനില്ല... കരച്ചിലിൻറെ ഉറവിടം തേടി ഇരുട്ടിലൂടെ  പിന്നെയും നടന്നു. കറുത്ത കരിമ്പടം പുതച്ചുറങ്ങുന്ന ശ്മശാനത്തിൻറെ  കോണിലുള്ള മൺകൂനയുടെ അരികിൽനിന്നായിരുന്നു ആ തേങ്ങലുയർന്നിരുന്നത്.

അടുത്തടുത്ത് വരുന്ന  കാൽപ്പെരുമാറ്റം കേട്ടതുക്കൊണ്ടാകാം ആ കരച്ചിലിന് ശക്തി കൂടിയത്... ഒന്നും  മനസ്സിലാകാതെ കനത്ത ഇരുട്ടിലേക്ക് തുറിച്ചു നോക്കിയിരുന്ന തൻറെ മനസ്സിൽ ഒരായിരം ചോദ്യങ്ങളുയർന്നു.  ഭയാനകത നിഴലിക്കുന്ന  ഈ പാതിരാത്രിയിൽ എന്തിനാണ് അയാൾ ഈ ശ്മശാനത്തിൽ വന്നത്.....??

ഒരു പക്ഷെ അയാളുടെ പ്രിയപ്പെട്ടവർ ആരെങ്കിലും ഈ മൺക്കൂനക്കടിയിൽ. അന്ത്യവിശ്രമം കൊള്ളുന്നുണ്ടാവുമോ...   ഒന്നാശ്വസിപ്പിക്കാൻ കൈനീട്ടവേ അയാൾക്കും തനിക്കുമിടയിൽ വലിയ അന്തരം ഉള്ളതുപോലെ...

എങ്കിലും മരണം പതിയിരിക്കുന്ന ഇരുട്ടിൻറെ നിശബ്ദതയെ കീറിമുറിച്ചുക്കൊണ്ടു താൻ ചോദിച്ചു

സുഹൃത്തേ ആരാണ് നിങ്ങൾ....?

എന്തിനാണ് ഈ ശ്മശാനത്തിൽ  ഒറ്റക്കിരുന്നു കരയുന്നത്...? ‘
‘എന്തു സഹായമാണ് ഞാൻ ചെയ്തുതരേണ്ടത്...‘

. അതിനു ഉത്തരമെന്നോണം ഒരേങ്ങലടി ശബ്ദത്തോടെ അയാൾ  മൊഴിഞ്ഞു എനിക്കുവേണ്ടി നിങ്ങൾക്കൊന്നും ചെയ്യുവാൻ സാധിക്കുകയില്ല കാരണം,  ഈ മൺകൂനക്കടിയിൽ ഞാൻ അന്തിയുറങ്ങാൻ തുടങ്ങിയിട്ട് ദിവസം രണ്ടായിരിക്കുന്നു...താനറിയാതെയൊന്ന് ഞെട്ടി. എന്ത് അപ്പോൾ നിങ്ങൾ മരിച്ച ആളാണോ?!

മരിച്ചതല്ല സുഹൃത്തേ കൊന്നതാണ്  അയാൾ മുഖമുയർത്തി എന്നെ നോക്കി... ഇടിമിന്നലിൻറെ വെളിച്ചത്തിൽ അയാളുടെ വികൃതമായ ശരീരം കണ്ട് ഞെട്ടിവിറച്ച്... ശരീരമാസകലം അടിയുടെ പാടുകൾ കൊണ്ട് വിണ്ടുകീറിയിരിക്കുന്നു..ക്രൂശിക്കപ്പെട്ടവൻറെ തിരുമുറിവിൽ നിന്നെപോലെ ദേഹമാസകലം രക്തച്ചാലുകൾ നിറഞ്ഞിരിക്കുന്നു..

തനിക്കിനിയും ജീവിക്കണം. എൻറെ അച്ഛൻ, അമ്മ, സഹോദരിമാർ, എനിക്കുവേണ്ടി മാത്രം കാത്തിരിക്കുന്ന എൻറെ പ്രിയപ്പെട്ടവൾ... അയാൾ തേങ്ങിക്കരയുവാൻ തുടങ്ങി

‘‘ഒരു കഷണം ബീഫ് കഴിച്ചതിൻറെ പേരിൽ അവരെന്നെ കൊന്നതാണ്”

‘‘സുഹൃത്തേ...നിങ്ങൾക്കറിയില്ലായിരുന്നോ ബീഫ് കഴിക്കുന്നത് ശിക്ഷാർഹമായിരുന്നുവെന്ന്”,

താൻപോലുമറിയാതെ തൻറെ ഹൃദയപാളികളുടെ ഉള്ളറകളിൽ നിന്നുമുയർന്ന ആ ചോദ്യത്തിന്  ഉത്തരമെന്നോണം അയാൾ തൻറെ കദനകഥയുടെ ചുരുളുകളോരോന്നായ് തുറന്നുവെച്ചു...

വടക്കേ ഇന്ത്യയിലെ ഒരു ഗ്രാമത്തിലെ ദരിദ്രകുടുംബത്തിലെ ഏക ആൺതരി. വിവാഹപ്രായം കഴിഞ്ഞിട്ടും സ്വപ്നങ്ങൾ പൂവണിയാതെ നിൽക്കുന്ന അഞ്ചു സഹോദരിമാർ. രോഗികളായ അച്ഛനും അമ്മയും. അവരെ സംരക്ഷിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമായിരുന്നു തനിക്കുണ്ടായിരുന്നത് അഭ്യസ്തവിദ്യനായിട്ടും നാട്ടിലെ പ്രമാണിയായ സുലൈമാൻ റാവുത്തരുടെ  തടിമില്ലിലെ കണക്കെഴുത്ത് പണികൊണ്ട് തൃപ്തിപ്പെടേണ്ടി വന്ന് അതിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ജീവിതത്തിൻറെ രണ്ടറ്റവും കൂട്ടിമുക്കുവാൻ കഴിയുമായിരുന്നില്ല... തന്നെ മാത്രം സ്വപനം കണ്ടുകഴിയുന്ന പനിനീർപ്പൂവിൻറെ  പരിശുദ്ധിയുള്ള മല്ലിക അവൾക്കൊരു ജീവിതം കൊടുക്കണം  സഹോദരിമാരെ വിവാഹം കഴിപ്പിച്ചയക്കണം, അച്ഛനും അമ്മക്കും ചികിത്സക്കുള്ള വഴി കണ്ടെത്തണം, അങ്ങനെയുള്ള
സ്വപ്നങ്ങളെ താലോലിച്ചുകൊണ്ടു ഒരു സ്നേഹിതൻ വഴിയാണു സ്വന്തം വീടും പ്രിയപ്പെട്ടവരെയും വിട്ട് ഈ നഗരത്തിൽ ജോലി അന്വേഷിച്ചെത്തിയത്

. വിധിയുടെ വിളയാട്ടം അല്ലാതെയെന്താ പറയുക.  താനിവിടെ

എത്തിച്ചേരുന്നതിനുമുന്നേ ഒരറ്റാക്കിലൂടെ  സ്നേഹിതൻറെ അമ്മ മരിച്ചു... നാട്ടിലേക്ക് പോകുന്ന വിവരത്തിനു അയാൾ തനിക്കു ഫോൺ ചെയ്യുവാൻ ശ്രമിച്ചിരുന്നു, എന്നാൽ ഭാവിസ്വപ്നങ്ങളെ താലോലിച്ചുകൊണ്ട് കാടും മലകളും താണ്ടിയുള്ള ട്രെയിൻ യാത്രയിൽ എവിടെയെക്കെയോ വെച്ച് ഫോൺ കണക്ഷൻ തകരാറിലായതുകാരണം അവൻറെ ഫോൺകോളൊന്നും തനിക്ക് ലഭിക്കാതെ പോയി...

താനിവിടെയെത്തിയപ്പോൾ  സ്വീകരിക്കാൻ ആരുമുണ്ടായിരുന്നില്ല അസ്ഥിയെ മരവിപ്പിക്കുന്ന തണുപ്പ്, ഭാഷയും വശമില്ലായിരുന്നു സ്വന്തം ഗ്രാമം വിട്ട് മറ്റെങ്ങും അന്തിയുറങ്ങിയിട്ടില്ലാത്ത തനിക്ക് ഈ നഗരത്തിൽ പതിയിരിക്കുന്ന ചതിക്കുഴികളൊന്നും അറിയില്ലായിരുന്നു.

ഇതിനിടയിൽ സഹായഹസ്തം നീട്ടിയെത്തിയ ആരോ തൻറെ കൈവശമുണ്ടായിരുന്ന പേഴ്സും കവർന്നെടുത്തിരുന്നു...സ്വന്തം നാട്ടുകാരെന്ന് തോന്നിച്ച പലരും തന്നിൽനിന്നും മുഖം തിരിച്ചു. അന്തിയുറങ്ങുവാൻ ഒരിടം ലഭിക്കാതെ മലമൂത്രവിസർജ്ജ്യത്തിൻറെ ദുർഗ്ഗന്ധം വമിക്കുന്ന  റയിൽവേ സ്റ്റേഷൻറെ ഒഴിഞ്ഞ കോണിൽ കഞ്ചാവിൻറെയും മദ്യത്തിൻറെയും ലഹരിയിലുറങ്ങുന്ന ആരുടെയൊക്കെയോ മധ്യത്തിലായി അന്തിയുറങ്ങി....പേഴ്സ് മോഷണം പോയതുകാരണം ഭക്ഷണത്തിനും നിവൃത്തിയില്ലായിരുന്നു..  പൈപ്പിലെ വെള്ളം കുടിച്ചായിരുന്നു വിശപ്പടക്കിയിരുന്നത്

അസഹ്യമായ വിശപ്പ് സഹിക്കവയ്യാതെ ഏതോ ബസ്റ്റോപ്പിൻറെ ഒഴിഞ്ഞ കോണിലിരുന്നു ആ വിദേശി യുവാവ് കഴിക്കുന്ന റൊട്ടിക്കഷണത്തിലേക്ക് ആർത്തിയോടെ നോക്കിയിരുന്നു.

അതു കാണുവാനിടയായ അയാൾ ഫ്രഞ്ചു ഭാഷയിൽ എന്തൊക്കെയോ തന്നോട് ചോദിക്കുന്നുണ്ടായിരുന്നു തനിക്കൊന്നും മനസ്സിലായിരുന്നില്ല എങ്കിലും ഭാഷയുടെ എല്ലാ അതിർവരമ്പുകളെയും ഭേദിച്ചുകൊണ്ട് തൻറെ വിശപ്പിൻറെ രോദനം അയാൾ തിരിച്ചറിഞ്ഞിരിക്കണം. അതുകൊണ്ടായിരിക്കാം  കൈവശമുണ്ടായിരുന്ന സാൻഡ്വിച്ചും ഒരു ബോട്ടിൽ വെള്ളവും തനിക്ക് നൽകിയത്

അപ്പോഴേക്കും അയാൾക്ക് പോകുവാനുള്ള ബസ്സെത്തിയിരുന്നു അയാൾ നല്കിയ ഒരു തുണ്ട് മാംസത്തിൽ പൊതിഞ്ഞ റൊട്ടിക്കഷണം ആർത്തിയോടെ  ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോഴാണ്  തദ്ദേശികളെന്നു തോന്നിക്കുന്ന രണ്ടുപേർ അവിടേക്ക് കടന്നുവന്നത് താൻ കഴിക്കുന്ന  റൊട്ടിക്കഷണത്തിലേക്കും പിന്നെ തൻറെ മുഖത്തേക്കും അവർ മാറി മാറി നോക്കി

അതിലൊരാൾ മറ്റൊരാളുടെ ചെവിയിൽ എന്തോ അടക്കം പറയുന്നത് താൻ ശ്രദ്ധിച്ചിരുന്ന്. അതിനുശേഷം അതിലൊരാൾ തൻറെ കൈവശമുണ്ടായിരുന്ന സാൻഡ്വിച്ച് പിടിച്ചു വാങ്ങി. പരിശോധനയിൽ അതൊരു ബീഫാണന്ന് അവർ വിളിച്ചു പറയുന്നുണ്ടായിരുന്നു....

ഇതിനകം തൻറെ സമീപത്തേക്ക് പാഞ്ഞടുക്കുന്ന അരുടെയെക്കെയോ കാൽപ്പാദങ്ങൾ.... അപ്പോൾ അവിടെ വീശിയ കാറ്റിന് മരണത്തിൻറെ ഗന്ധമായിരുന്നു. കല്ലും വടികളുമായി ആരൊക്കെയോ  തനിക്ക് ചുറ്റും കു ടിയിരുന്നു... ഞാൻ പറയുന്നതൊന്നും   അവർ ശ്രവിക്കുന്നുണ്ടായിരുന്നില്ല അവരുടെ മുന്നിൽ ഹീനവും മ്ലേച്ഛവുമായ  വലിയ അപരാധമാണ് താൻ ചെയ്തിരിക്കുന്നത്... വിശപ്പിൻറെ വിളിയറിഞ്ഞ് ആരോ നല്കിയ ഒരു തുണ്ടു ഗോമാംസം അറിയാതെ